**III ഇ.ബി.XII-കേരള നിയമസഭ/I-11**

**പന്ത്രാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

# നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ജൂൺ 28, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*166 & *167) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

1. തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനംമൂലം കുട്ടനാട് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിവിധ പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് ശ്രീ. തോമസ് ചാണ്ടി മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു.

(മറുപടി പറയുന്നത് അടുത്തിവസത്തേക്ക് മാറ്റി വച്ചു.)

2. വയനാട് ജില്ലയിലെ കാർഷിക മേഖലയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. വി. ശ്രേയാംസ് കുമാർ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

1. തിരുവനന്തപുരം മുതൽ അമരവിളവരെയുള്ള എൻ.എച്ച്.47 റോഡ് നാലുവരിപ്പാതയാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. ജെ. തങ്കപ്പൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.
2. കോഴിക്കോട് നഗരത്തിലെ മാലിന്യ നിക്ഷേപ കേന്ദ്രമായ "ഞെളിയൻ പറമ്പ്" പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.
3. ചാലക്കുടി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.
4. തദ്ദേശഭരണ സ്ഥാപനങ്ങൾ വൈദ്യുതി ലൈൻ നീട്ടുന്നതിന് കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവർത്തികൾക്ക് ത്രീഫേസ് ലൈനിനുമാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടുള്ളൂ

എന്ന കെ.എസ്.ഇ.ബി.യുടെ വ്യവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച് ശ്രീ. പി. കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

5. കാർഷിക വായ്പയുടെ പലിശനിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

6. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം സംബന്ധിച്ച് ശ്രീ. എം. എ. വാഹീദ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

7. പിറവം നിയോജകമണ്ഡലത്തിലെ തോട്ടറപുഞ്ചയിൽ കൃഷിയിറക്കുവാനുള്ള സാഹചര്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. ജെ. ജേക്കബ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

8. കൊപ്പം ഗ്രാമ പഞ്ചായത്തുപ്രസിഡന്റിനെ ആക്രമിച്ചവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

9. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അന്യസംസ്ഥാന തൊഴിലാളികൾ സൃഷ്ടിച്ചിട്ടുള്ള സാമൂഹ്യ പ്രശ്നങ്ങൾ സംബന്ധിച്ച്

ശ്രീ. സാജുപോൾ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി

10. കേരളത്തിലെ ഇ.എസ്.ഐ. ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. എം. യൂസഫ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

11. വൈക്കം മണ്ഡലത്തിലെ അനധികൃത മണൽ ഖനനം സംബന്ധിച്ച് ശ്രീ. കെ. അജിത് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

12. വയനാട് കോളനൈസേഷൻ സ്ഥലത്തുനിന്നും മുറിച്ചുമാറ്റുന്ന മരങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംബന്ധിച്ച് ശ്രീ. പി. കൃഷ്ണപ്രസാദ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

13. കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. കെ. ദിവാകരൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

14. കേരള കാർഷിക സർവ്വകലാശാലയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. രാജാജി മാത്യു തോമസ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

15. ഹയർ സെക്കന്ററി അദ്ധ്യാപകരായി നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവർക്ക് ഫുൾടൈം വേതനം നൽകുന്നത് സംബന്ധിച്ച്

ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

16. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടൽക്ഷോഭം മൂലമുണ്ടായ നാശനഷ്ടം സംബന്ധിച്ച് ശ്രീ. ബി. ബാബുപ്രസാദ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി

17. പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള മരുന്നിന്റെ അഭാവം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി

IV. **2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബില്ലിന്റെ 29-6-2006-നുള്ള ചർച്ച സംബന്ധിച്ച്.**

2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ സഭ പാസ്സാക്കുന്നതുവരെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നത് നീട്ടിവയ്ക്കണമെന്ന് ആവശ്യപ്പെടുമെന്നും ഈ ബിൽ അനുസരിച്ച് ഈ വർഷം തന്നെ വിദ്യാർത്ഥി പ്രവേശനം

ഉറപ്പുവരുത്തുമെന്നും ഉള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് 2006 ജൂൺ 29–ാം തീയതിത്തന്നെ ബിൽ ചർച്ചചെയ്ത് പാസ്സാക്കണമെന്ന തീരുമാനം എടുത്തിട്ടുള്ളത്. എന്നാൽ സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന തീരുമാനം ദേശീയ ന്യൂനപക്ഷ കമ്മീഷൻ എടുത്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ ധൃതി പിടിച്ച് ബിൽ ചർച്ച ചെയ്യേണ്ട സാഹചര്യം നിലവിൽ ഇല്ലെന്ന് ശ്രീ. കെ. എം. മാണിയും മറ്റ് അംഗങ്ങളും ഉന്നയിച്ചു. ഇത് സംബന്ധിച്ച് യഥാസമയം ഫാക്സ് സന്ദേശം കൊടുക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചവന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്നും ബിൽ നിശ്ചിത ദിവസം തന്നെ ചർച്ച ചെയ്യുന്നതാണെന്നും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. **ധനകാര്യം**

## 2006-2007 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ സി. കെ. പി. പത്മനാഭൻ, കെ. അജിത്, വി. കെ. ഇബ്രാഹിംകുഞ്ഞ്, എം. വി. ശ്രേയാംസ് കുമാർ, ടി. യു. കുരുവിള, തോമസ് ചാണ്ടി,

പി. സി. ജോർജ്, കെ. ടി. ജലീൽ, എം. എം. മോനായി, എ. കെ. ചന്ദ്രൻ, എ. സി. മൊയ്തീൻ, ഉമ്മൻചാണ്ടി, പ്രൊഫ. കെ. വി. തോമസ്, പ്രൊഫ. എൻ. ജയരാജ്, ശ്രീമതി കെ. എസ്. സലീഖ എന്നിവർ സംസാരിച്ചു.

ചർച്ചയ്ക്ക് ധനകാര്യവകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവർ മറുപടി നൽകി.

## VI റൂളിംഗ്

**<u>മേശപ്പുറത്തുവയ്ക്കേണ്ട കടലാസ്സുകൾ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാസം</u>**

വിവിധ വകുപ്പുകളുടെ ഭരണ റിപ്പോർട്ടുകൾ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട കടലാസ്സുകൾ, സഭയിൽ സമർപ്പിക്കേണ്ട റൂൾ, നോട്ടിഫിക്കേഷൻ എന്നിവ യഥാസമയം സമർപ്പിക്കുന്നുണ്ടോ ഇല്ലെങ്കിൽ അതിനുള്ള വിശദീകരണം തൃപ്തികരമാണോ എന്നത് പരിശോധിക്കാൻ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച ഒരു നിയമസഭാ സമിതി തന്നെ നിലവിലുണ്ടായിട്ടും ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി

കാണിക്കാത്തത് ചെയർ വളരെ ഗൗരവമായി കാണുന്നുവെന്നും കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ വകുപ്പുകളും ജാഗ്രതപാലിക്കണമെന്നും ബന്ധപ്പെട്ട നിയമസഭാ സമിതി ഇക്കാര്യം ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

2006 ജൂൺ 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.